## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1486

31.10.2019-ൽ മറുപടിയ്ക്ക്

### മത്സ്യബന്ധനത്തിന് കണ്ണിയകലമുള്ള വലകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, വി.ആർ. സുനിൽ കുമാർ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുമ്പോൾ നിശ്ചിത കണ്ണിയകലമുള്ള വലകൾ ഉപയോഗിച്ച് മാത്രമേ നടത്താവൂ എന്ന് നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | നിബന്ധനയുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ KMFR ചട്ടങ്ങളിൽ പ്രധാന വലകളുടെ കുറഞ്ഞ കണ്ണിവലിപ്പം (Mesh size) നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഓരോ ഇനം മീനിനുമനുസരിച്ച് വലയ്ക്ക് നിശ്ചിത കണ്ണിയകലം വേണമെന്നുള്ള സി.എം.എഫ്.ആർ.ഐ. റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | | |
| (സി) | പത്ത് സെന്റീമീറ്ററിൽ താഴെയുള്ള വളരെ ചെറിയ മത്തി പിടിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ പരിശോധനകൾ ശക്തമാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഡി) | പതിനാല് സെന്റീമീറ്ററിൽ താഴെ നീളമുള്ള ചെറിയ അയല പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. |
| (ഇ) | മത്സ്യക്കുഞ്ഞുങ്ങളെ കൊന്നു കൊണ്ടുള്ള മീൻപിടിക്കൽ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ? | (ഇ) | CMFRI യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ത്തിലേർപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചു വരുന്നു. KMFR Act പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്ക് പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം CMFRI യിൽ വെച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ മിനിമം ലീഗൽ സൈസ് (MLS) നടപ്പിലാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എല്ലാം തന്നെ CMFRI യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കണമെന്നും MLS നടപ്പിലാക്കുമെന്നും ധാരണയാവുകയും ചെയ്തിട്ടുണ്ട്. പുതിയ KMFR ചട്ടങ്ങൾ പ്രകാരം ട്രോൾവലകളുടെ കോഡ് എന്റിൽ സ്ക്വയർമെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ ആകെ വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ച് KMFR ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും നടപ്പിലാക്കി വരുകയുമാണ്. |

**സെക്ഷൻ ഓഫീസർ**